(c) is this practice still continuing; and
(d) if answer to (c) is in the negative when and why was it stopped?

Chief Minister (Sri. C. Kesavan):
(a) Yes.
(b) For constables of all Units other than the Armed Reserve, the scale adopted is three suits for two years. In the Armed Reserve the scale is two suits for an year.
(c) Yes.
(d) Does not arise.

ട്രേഡ് യൂണിയൻ നിരോധനം

*൪൯൩ (൪൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രേഡ്യൂണിയന്റെ പേരിലുള്ള നിരോധനങ്ങൾ പിൻവലിക്കുന്നതിനുള്ള തടസ്ഥം എന്താണെന്ന് പറയാമോ?

(ബി) ഈ ഇടയ്-ൽ പുതുതായി ട്രേഡ്യൂണിയൻ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. കെ. കുഞ്ഞൻകുട്ടിമേനോൻ:

(എ) നിരോധനം നിലവിലിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി സമ്പർക്കം പുലർത്തുന്നതിനാൽ.

(ബി) ഈ ൽ ഇടയ്-ൽ ൧൦൭ പുതിയ ട്രേഡ്യൂണിയൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കമ്മ്യൂണിസ്റ്റ് പാർട്ടി

*൪൧൭ (൪൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അടുത്ത കാലത്ത് അറസ്റ്റ് ചെയ്ത കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെ വിടണമെന്ന് കാണിച്ച് പല നിവേദനങ്ങളും അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഉണ്ട്.

സ്ഥലം ഒഴിപ്പിക്കുന്നതിനുള്ള നടപടി

*൪൧൮ (൪൪) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കെട്ടാരക്കര താലൂക്കിൽ പിന്നോക്കസമുദായക്കാർക്കായി നീക്കിവെച്ചിട്ടുള്ള സ്ഥലം അകാരണമായി മറ്റാരെങ്കിലും കൈവശപ്പെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരിൽനിന്നും ഒഴിപ്പിക്കുന്നതിനു് ഗവണ്മെന്റ് നടപടി എടുത്തിട്ടുണ്ടോ;

(സി) എടുത്തിട്ടുണ്ടെങ്കിൽ ആ നടപടി പൂർത്തിയായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നടപടി പൂർത്തിയായിട്ടില്ല.

പയൽ സ്റ്റീം

*൪൧൯ (൪൫) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) അവശസമുദായോദ്ധാരണ ഡിപ്പാർട്ടുമെണ്ടിൽനിന്നും തിരു-കൊച്ചി സംസ്ഥാനത്തു് എത്ര പയൽ സ്കൂൾ നടത്തുന്നുണ്ടു്;

(ബി) ഈ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കുള്ള ശമ്പളം എത്രയാണു്;

(സി) വിദ്യാഭ്യാസകോഡിലെ നിബന്ധനകൾ ഈ അദ്ധ്യാപകന്മാരേയും ബാധിക്കുന്നുണ്ടോ;

(ഡി) ഈ സ്കൂളുകളിൽ ഇൻസ്പെക്ഷൻ ഏതു് ഉദ്യോഗസ്ഥനാണു് നടത്തുന്നതു്?

മുഖ്യമന്ത്രി (ശ്രീ. കേശവൻ): (എ) ന വ്യ.

(ബി) പ്രതിമാസം ൪ ൦ രൂപാ.

(സി) ഇപ്പോൾ ഇല്ല. എന്നാൽ പ്രസ്തുത നിബന്ധനകൾ ഈ അദ്ധ്യാപകന്മാരേയും ബാധകമാക്കേണ്ടതിനുള്ള നടപടികൾ എടുത്തുവരികയാണു്.

(ഡി) പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിലെ കമ്മീഷണരും ഫീൽഡാഫീസറന്മാരും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റണ്ടു് ഇൻസ്പെക്ടിംഗ് ആഫീസറന്മാരും.

കശുവണ്ടി തൊഴിലാളികൾ

*൪൨൦ (൫൯) ശ്രീ. എം. പി. കുഞ്ഞുദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കൊയ്ത്തുകാരായ തൊഴിലാളികൾക്കു് ഇപ്പോൾ കൊടുക്കുന്നതിനേക്കാൾ ആശാസ്യമായ രീതിയിൽ കൂലിയും ആദായവും കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ ഗവൺമെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ): ഉണ്ടു്, കൊയ്ത്തുതൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനു വേണ്ട നടപടി ഗവൺമെൻറു് കൈക്കൊണ്ടിട്ടുണ്ടു്. മിനിമംവേജസ് ആക്ടു് ഫസ്റ്റ് ൪ വ്യ സെക്ഷൻ ൫ സബു് സെക്ഷൻ ൬ (സി) യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പ്രൊപ്പോസൽ അടുത്തതന്നെ ഗസറ്റിൽ പരസ്യം ചെയ്യുന്നതാണു്.

ഹരിജൻ ഹോസ്റ്റൽ

*൪൨൬ (൫൪) ശ്രീ. ടി. വി. ദേവൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

കാളേജുവിദ്യാർത്ഥികളായ പിന്നോക്കസമുദായക്കാർക്കുവേണ്ടി നടത്തിവന്ന ഹോസ്റ്റലുകൾ നിറുത്തുന്നതിനുള്ള കാരണം എന്താണെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഉദ്ദേശം ന ൦ ൦ ഓളം പിന്നോക്കസമുദായവിദ്യാർത്ഥികൾ സംസ്ഥാനത്തിലെ പല കോളേജുകളിലായി പഠനം നടത്തിവന്നിരുന്നു. അവരിൽ ഏകദേശം ൫ ൦ പേർക്കു് മാത്രമേ ഹരിജൻ ഹോസ്റ്റലുകളിൽ താമസസൌകര്യം നൽകാൻ സാധിച്ചിരുന്നുള്ളു. കഴിഞ്ഞ സ്കൂൾ വർഷത്തിൽ വളരെ പേർ ഹരിജൻ ഹോസ്റ്റലുകൾക്കു് പുറമെ താമസിക്കുവാനാണു് ഇഷ്ടപ്പെട്ടിരുന്നതു്. ക്രമേണ പിന്നോക്കസമുദായക്കാർക്കു മാത്രമായി നടത്തിവന്നിരുന്ന ഹോസ്റ്റലുകൾ തുടരുന്നതു് അവരുടെ സാമൂഹ്യപുരോഗതിക്കു് ഹാനികരമായിരിക്കുമെന്നു് ഗവൺമെൻറു് കരുതി. ഈ കാരണങ്ങളാൽ ഈ വിദ്യാഭ്യാസ വർഷത്തിൻറെ ആരംഭം മുതൽ കാളേജു വിദ്യാർത്ഥികൾക്കായി

LIBRARY ARCHIVES Kerala Legislative Assembly